**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഗ്രാമവികസനം-ജീവനക്കാര്യം-ശ്രീ.കെ.ജെ.ഷിബു സീനിയർ ക്ലാർക്ക്, കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ്-ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 3593/2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 07/11/2017

പരാമർശം:-
1) സ.ഉ (സാധാ) നം. 3317/12 തസ്വഭവ തീയതി 01/12/2012.
2) ശ്രീ.കെ.ജെ.ഷിബു, സീനിയർ ക്ലാർക്ക്, കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) സമർപ്പിച്ച 06/06/2016 ലെ അപേക്ഷ.
3) ഗ്രാമ വികസന കമ്മീഷണറുടെ 08/08/2017 ലെ 11352/എസ്റ്റാ.സി3/17/സി ആർ ഡി/ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ.കെ.ജെ.ഷിബുവിന് ഇന്ത്യക്കകത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം, സർക്കാർ ഉത്തരവിന്റെ തീയതിയ്ക്കു ശേഷം ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചു. ശ്രീ.കെ.ജെ.ഷിബു 01/01/2013 മുതൽ അവധിയിൽ പ്രവേശിച്ചു തുടർന്ന് ടിയാൻ അപേക്ഷിച്ചതിനെ തുടർന്ന് 06/06/2016 പൂർവ്വാഹ്നം മുതൽ ടിയാനെ ജോലിയിൽ പുനപ്രവേശിപ്പിച്ചു. അപേക്ഷകൻ ജോലിയിൽ തിരികെ പ്രവേശിച്ച 06/06/2016 മുതൽ, പരാമർശം (1) പ്രകാരം 31/12/2017 വരെ അനുവദിച്ചതിൽ ബാക്കി വരുന്ന ശൂന്യവേതനാവധി (574 ദിവസം) റദ്ദാക്കണമെന്ന് പരാമർശം(3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ.കെ.ജെ.ഷിബുവിന് സൂചന (1) പ്രകാരം അനുവദിച്ച 5 വർഷത്തെ ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത, 06/06/2016 മുതൽ 31/12/2017 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം)
2) ശ്രീ.കെ.ജെ.ഷിബു, സീനിയർ ക്ലാർക്ക്, കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം
4) ധനകാര്യ വകുപ്പ് (11/10/2017 ലെ റൂൾസ് -ബി2/229/2017-ധന നമ്പർ അനൗദ്യോഗികക്കുറിപ്പ്)
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ